പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3311 11.05.2017 ൽ മറുപടിയ്ക്ക്

## കായിക താരങ്ങൾക്ക് തൊഴിലവസരങ്ങൾ

ചോദ്യം

ശ്രീ.രാജു എബ്രഹാം

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും

യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | കായികതാരങ്ങൾക്ക് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നില്ല എന്ന കായിക മേഖലയുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം സംസ്ഥാന സർക്കാർ വകുപ്പുകളിലാണ് കായിക താരങ്ങൾക്ക് നിയമനം നൽകി വരുന്നത്. |
| ബി) | ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ് ബോൾ തുടങ്ങിയവയുടെ വളർച്ചയ്ക്ക് ഏറെ സംഭാവനകൾ നൽകിയ സംസ്ഥാന പോലീസിന്റെ കായിക വിഭാഗത്തിൽ ഇപ്പോൾ ഏറ്റവും മികച്ചവരെ ലഭിക്കാതെ പോകുന്നത് ഈ മേഖലയിലുള്ള സർക്കാരിന്റെ ഇടപെടൽ ഇല്ലാത്തതു മൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ കായിക ഇനങ്ങളിൽ നിന്നും 62 കായിക താരങ്ങളെ ഹവിൽദാർമാരായി നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ 2 പേരെ ആംഡ് പോലീസ് ഇൻസ്പെക്ടർ ആയും ഒരാളെ ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ ആയും നിയമിച്ചിട്ടുണ്ട്. |
| സി) | കൂടുതൽ കായിക താരങ്ങൾക്ക് സംസ്ഥാന സർവ്വീസിലോ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലോ തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സി) | സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് പ്രതിവർഷം 50 ഒഴിവുകൾ വീതം നീക്കിവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ